"ഭരണഭാഷ-മാതൃഭാഷ"

കേരള പ്രിസൺസ് &
കറക്ഷണൽ സർവ്വീസസ്

ആസ്ഥാന കാര്യാലയം
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം-12
:0471-2342532
:keralaprisons@gov.in

ഇണ്ടാസ് നം: G1-12698/2022/PrHQ ; തീയതി : 14-09-2022

സർക്കാർ ഓഫീസ് മന്ദിരങ്ങളുടെ ചുമരുകൾ ജീവനക്കാരുടെ സർവ്വീസ് സംഘടനകൾ പോസ്റ്ററുകൾ പതിപ്പിച്ചും ചുമരെഴുത്തുകൾ നടത്തിയും വൃത്തിഹീനമാക്കുന്നതായി പൊതുജനങ്ങളിൽ നിന്നും പരാതികൾ വരുന്ന സാഹചര്യത്തിൽ 18/06/2010,28/112012 എന്നീ തീയ്യതികളിൽ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറുകളിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കണമെന്നാവശ്യപ്പെട്ട് ലഭ്യമായ സർക്കാർ കത്തിന്റെ പകർപ്പും 18/06/2010, 28/11/2012 എന്നീ തീയ്യതികളിലെ സർക്കുലറിന്റെ പകർപ്പും താങ്കളുടെ അറിവിലേയ്ക്കും തുടർ നടപടികൾക്കായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

വിനോദ് കുമാർ എം കെ
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്സ് വേണ്ടി

സ്വീകർത്താവ്: **എല്ലാ ജയിൽ സ്ഥാപനമേധാവികൾക്കും,**
**ജയിൽ** ആസ്ഥാനകാര്യാലയത്തിലെ എല്ലാ ജീവന**കാർക്കും**

G1-12698/2022/PrHQ

6bf3aa

21801/2022

395712/2022

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

ആഭ്യന്തര (ജി) വകുപ്പ്

നമ്പർ.ജി3/236/2022/ആഭ്യന്തരം

20-08-2022,തിരുവനന്തപുരം

പ്രേഷിതൻ

അഡീഷണൽ ചീഫ് സെക്രട്ടറി

സ്വീകർത്താവ്

രജിസ്ട്രാർ, ഡിസ്ട്രിക് ജുഡിഷ്യറി, ഹൈക്കോടതി, എറണാകുളം

ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ, എറണാകുളം

സംസ്ഥാന പോലീസ് മേധാവി, തിരുവനന്തപുരം

ഡയറക്ടർ ജനറൽ, പ്രിസൺസ് & കറക്ഷണൽ സർവ്വീസസ് തിരുവനന്തപുരം

ഡയറക്ടർ ജനറൽ , ഫയർ & റെസ്ക്യൂ സർവ്വീസസ് തിരുവനന്തപുരം

ചീഫ് കെമിക്കൽ എക്സാമിനർ, തിരുവനന്തപുരം

സർ,

വിഷയം:- ആഭ്യന്തര വകുപ്പ്- സർക്കാർ ഓഫീസ് മന്ദിരങ്ങളുടെ ചുമരുകളിൽ സർവ്വീസ് സംഘടനകൾ പരസ്യ പ്രചാരണം നടത്തുന്നത് -സംബന്ധിച്ച്

സൂചന:- 1. 18.06.2010 തീയതിയിലെ 16652/ഉപസി2/09/ഉഭപവ നമ്പർ സർക്കുലർ

2. 28.11.2012 തീയതിയിലെ 6920/എ.ആർ13 (2)/2012/ഉഭപവ നമ്പർ സർക്കുലർ

സർക്കാർ ഓഫീസ് മന്ദിരങ്ങളുടെ ചുമരുകൾ ജീവനക്കാരുടെ സർവ്വീസ് സംഘടനകൾ പോസ്റ്ററുകൾ പതിപ്പിച്ചും ചുമരെഴുത്തുകൾ നടത്തിയും വൃത്തിഹീനമാക്കുന്നതായി പൊതുജനങ്ങളിൽ നിന്നും പരാതികൾ വരുന്നതിനാൽ ഇത് സംബന്ധിച്ച് സൂചന പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള സർക്കുലറുകളിലെ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിനായി പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

G 29/8

k 29/8/22 G1

വിശ്വസ്തതയോടെ,

Signed by Sindhu T S
Date: 25-08-2022 15:40:43

SINDHU T S
അണ്ടർ സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

14

കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണ പരിഷ്കാര (എ.ആർ.-13) വകുപ്പ്

നമ്പർ 6920/എ.ആർ.13(2)/2012/ഉ.ഭ.പ.വ. *തീയതി, തിരുവനന്തപുരം, 2012 നവംബർ 28.*

# സർക്കുലർ

*വിഷയം:*—സർക്കാർ ഓഫീസുകളുടെ പരിസരങ്ങളിൽ പോസ്റ്ററുകൾ, ബാനറുകൾ എന്നിവ ഒട്ടിക്കുന്നത് നിരോധിച്ചുകൊണ്ട് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സർക്കാർ ഓഫീസുകളുടെ ഭിത്തികളിൽ വിവിധ സർവ്വീസ് സംഘടനകൾ പോസ്റ്ററുകൾ ഒട്ടിച്ച് വൃത്തികേടാക്കുന്നതും ഓഫീസ് പരിസരത്ത് പൊതുജനങ്ങൾക്ക് അസൗകര്യമായി കൊടിമരങ്ങളും ബാനറുകളും സ്ഥാപിക്കുന്നതും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ആയതിനാൽ താഴെ പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഓഫീസ് പരിസരത്ത് പോസ്റ്ററുകളും പരസ്യങ്ങളും പതിക്കുന്നത് കർശനമായി ഒഴിവാക്കേണ്ടതാണ്.
2. പോസ്റ്ററുകൾ സ്ഥാപിക്കുന്നതിന് നിശ്ചിത സ്ഥലം (designated place) കണ്ടെത്തി സംഘടനകൾക്ക് അനുവദിക്കുന്നതിന് വകുപ്പ് മേധാവികൾ നടപടി സ്വീകരിക്കേണ്ടതാണ്.
3. നോട്ടീസ് വിതരണം, ആശയപ്രചരണം എന്നിവ ഓഫീസ് പ്രവർത്തനത്തിന് തടസ്സമുണ്ടാക്കാതെ ഇടവേള സമയത്ത് തന്നെ നടത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.
4. കൊടിമരങ്ങൾ ഓഫീസിനും പൊതുജനങ്ങൾക്കും ബുദ്ധിമുട്ടുണ്ടാക്കാത്ത സ്ഥലത്തുതന്നെ സ്ഥാപിക്കേണ്ടതാണ്.
5. ഓഫീസും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നതിന് അതാത് വകുപ്പ് മേധാവികൾ നടപടി എടുക്കേണ്ടതാണ്.

ഡോ. നിവേദിത പി. ഹരൻ,
*അഡീഷണൽ ചീഫ് സെക്രട്ടറി*

GCPT. 3/1228/2013/TP. [മറുപുറം



Generated from eOffice by BUSHRATH N, SG-ASST(AR13(2))P&ARD, SG-ASST(AR13(2))P&ARD, P&ARD on 09/05/2022 12:46 PM

# കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണ പരിഷ്ക്കാര (ഉപദേശ. സി) വകുപ്പ്

## സർക്കുലർ

നമ്പർ 16652/ഉപ.സി. 2/09/ഉ.ഭ.പ.വ. *തിരുവനന്തപുരം, 2010 ജൂൺ 18.*

*വിഷയം:*—സർക്കാർ ഓഫീസ് മന്ദിരങ്ങളുടെ ചുമരുകളിൽ സർവ്വീസ് സംഘടനകൾ പരസ്യപ്രചരണം നടത്തുന്നത്—സംബന്ധിച്ച്.

*സൂചന:*— 22-4-1994-ലെ ഈ വകുപ്പിന്റെ 15045/അഡൈ്വസ്.സി 2/93/പി ആന്റ് എ. ആർ. ഡി. നമ്പർ സർക്കുലർ.

അംഗീകൃത സർവ്വീസ് സംഘടനകൾക്ക് സർക്കാർ ഓഫീസ് മന്ദിരത്തിനുള്ളിൽ പരസ്യപ്രചരണ സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ടുള്ള നിർദ്ദേശം സൂചനയിലെ സർക്കുലർ മുഖേന സർക്കാർ പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത നിർദ്ദേശങ്ങൾ പാലിക്കാതെ പല സർവ്വീസ് സംഘടനകളും സർക്കാർ ഓഫീസ് മന്ദിരങ്ങളുടെ ചുമരുകളിൽ പരസ്യ പ്രചരണം നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരിക്കുന്നു. ഇത്തരം പരസ്യങ്ങളും ചുവരെഴുത്തുകളും ഓഫീസ് മന്ദിരങ്ങൾക്ക് അഭംഗിയുണ്ടാക്കുന്നതിനും ഇതു സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്നും പരാതികൾ ലഭിക്കുന്നതിനും ഇടയാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ചുവടെ പരാമർശിച്ചിരുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കുന്നതിനുള്ള നിർദ്ദേശം അതാതു വകുപ്പു മേധാവികൾ തങ്ങളുടെ വകുപ്പിലെ അംഗീകൃത സർവ്വീസ് സംഘടനകൾക്കു നൽകേണ്ടതാണ്.

1. വ്യക്തികളോ, സർവ്വീസ് സംഘടനകളോ ആഫീസ് മന്ദിരങ്ങളിൽ ചുവരെഴുത്ത് നടത്താനോ, പോസ്റ്റർ പരസ്യങ്ങൾ, നോട്ടീസുകൾ എന്നിവ ചുവരിൽ പതിക്കാനോ പാടുള്ളതല്ല. പോസ്റ്റർ പരസ്യങ്ങൾ, നോട്ടീസുകൾ എന്നിവ അവയ്ക്കുവേണ്ടി പ്രത്യേകം സ്ഥാപിച്ചിട്ടുള്ള നോട്ടീസ് ബോർഡുകളിൽ മാത്രമേ പതിക്കാൻ പാടുള്ളു.
2. ആഫീസ് മേധാവികൾ ആഫീസുകളുടെ പ്രധാന പ്രവേശനഭാഗത്തല്ലാതെ മറ്റ് എവിടെയെങ്കിലും അംഗീകൃത സർവ്വീസ് സംഘടനകളുടെ പ്രചാരണ പരിപാടികൾക്കായി നോട്ടീസ് ബോർഡുകളോ അതുപോലെയുള്ള മറ്റു സംവിധാനങ്ങളോ യഥോചിതം ഏർപ്പെടുത്തിക്കൊടുക്കേണ്ടതാണ്.



Generated from eOffice by BUSHRATH N, SG-ASST(AR13(2))P&ARD, SG-ASST(AR13(2))P&ARD, P&ARD on 09/05/2022 12:46 PM

3. അർദ്ധ സർക്കാർ സ്ഥാപനങ്ങളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ഇപ്രകാരമുള്ള സംവിധാനങ്ങൾ അവയുടെ ഭരണകർത്താക്കളും ഏർപ്പെടുത്തി ക്കൊടുക്കേണ്ടതാകുന്നു.

ഡോ. പി. പ്രഭാകരൻ,
*ചീഫ് സെക്രട്ടറി.*

സെക്രട്ടേറിയറ്റിലെ നിയമം ധനകാര്യം ഉൾപ്പെടെ എല്ലാ വകുപ്പുകൾക്കും.
എല്ലാ വകുപ്പ് മേധാവികൾക്കും/ജില്ലാ കളക്ടർമാർക്കും.
സെക്രട്ടറി, കെ. പി. എസ്. സി. (ആമുഖ കത്തു സഹിതം).
അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്തു സഹിതം).
വിവര പൊതുജന സമ്പർക്ക വകുപ്പ് (പത്രമാധ്യമങ്ങൾ മുഖേനയുള്ള വിപുലമായ പ്രചരണത്തിന്).

---


Generated from eOffice by BUSHRATH N, SG-ASST(AR13(2))P&ARD, SG-ASST(AR13(2))P&ARD, P&ARD on 09/05/2022 12:46 PM